For Private Circulation Only

June 2017

ആഗമനാരുണൻ

Vol.64

"ഈ ദൈവം എന്നും എന്നേക്കും നമ്മുടെ ദൈവമാകുന്നു. അവൻ നമ്മെ ജീവപര്യന്തം വഴി നടത്തും"(സങ്കീ. 48:14)

No.6

പൂർണ്ണമായി ദൈവത്തിന് അർപ്പിക്കപ്പെട്ട ഒരു ഹൃദയം

By Charles Spurgeon

ഒരു നല്ല കൂട്ടായ്മക്ക് എപ്പോഴും തീഷ്ണതയുള്ള ഒരു ഹൃദയം ആവശ്യമാണ്. എല്ലാ ഭാരങ്ങളും ഇറക്കി തങ്ങളെത്തന്നെ ദൈവത്തിന് കൊടുത്ത് വാക്കും പ്രവൃത്തിയും ദൈവഹിതത്തിന് സമർപ്പിക്കാതെ ഒരുത്തനും ദൈവത്തിന്റെ പർവ്വതമായ പുതിയ യെരുശലേമിൽ കയറുവാൻ സാദ്ധ്യമല്ല. മെച്ചമായ ജീവിതവും സുഖപ്രദമായ ഒരു യാത്രയും ആഗ്രഹിക്കുന്ന ഒരു മോക്ഷയാത്രക്കാരന് അബദ്ധമാണ് പിണഞ്ഞിരിക്കുന്നത്, കാരണം കഠിനമേറിയതും അശ്രാന്ത പരിശ്രമം വേണ്ടതുമാകുന്നു ഈ യാത്ര. നല്ല വാക്കും നല്ല പ്രവൃത്തിയും ഇവിടെ ആവശ്യമാണ്. മടിയുള്ള പ്രാർത്ഥന ഈ ദൗത്യത്തിൽ നിന്നും ഒരുവനെ അകറ്റുന്നു. പൂർണ്ണ ഹൃദയത്തോടും പൂർണ്ണശക്തിയോടും പൂർണ്ണ ആത്മാവോടും അല്ലാതെ പകുതി ഹൃദയത്തോടെ സ്തുതിക്കുന്നവൻ ദൈവത്തെ നിന്ദിക്കുകയാണ് ചെയ്യുന്നത്. അത് പാപമാണ്. എന്നാൽ കാഴ്ചയ്ക്ക് നന്നായി തോന്നിയേക്കാം. നാം ആത്മാർത്ഥമായി ചെയ്യുന്ന കാര്യങ്ങൾക്ക് അർഹമായ അംഗീകാരം ലഭിച്ചില്ലെങ്കീലും അതിലൂടെ എന്റെ ദൈവത്തിന്റെ നാമം മഹിമപ്പെടും, അതിന്റെ പ്രതിഫലം കിട്ടും എന്ന് നാം കരുതിക്കൊള്ളേണ്ടതാണ്. ദൈവവചനം പറയുന്നത്, " ശീതവനുമല്ല; ഉഷ്ണവാനുമല്ല ശീതോഷ്ണവാനാകയാൽ നിന്നെ എന്റെ വായിൽ നിന്നും ഉമിണ്ണുകളയും" (വെളി. 3:16). എന്നാണ്. അർഹമായ അംഗീകാരം ലഭിച്ചില്ലെങ്കി ലും ആരോടും വെറുപ്പ് വച്ചുപലർത്താതെ, ആ വെറുപ്പ് ഹൃദയത്തെ കഠിനപ്പെടുത്താതെ, ഒരു നല്ല ശിഷ്യനായി നാം സേവ ചെയ്യേണം. മുഴുഹൃദയത്തോടെ സേവ ചെയ്യുന്നവനെ ദൈവം സ്നേഹിക്കുന്നു. എന്നാൽ അലസനെ ദൈവം വെറുക്കുന്നു. ലക്ഷ്യ ബോധത്തോടെ ഓടുന്നവൻ മാത്രം വിരുതു പ്രാപിക്കുന്നു. ഇരുമനസ്സുള്ളവൻ തന്റെ വഴിയിൽ അസ്ഥിരൻ, അവന് ഒരു വിജയത്തെക്കുറിച്ചുള്ള പ്രത്യാശയില്ല. ദൈവമേ, എന്റെ ഹൃദയത്തെ പൂർണ്ണമായി അങ്ങേയ്ക്കു തരുവാൻ എന്നെ ഒരുക്കേണമേ; അങ്ങയുടെ വേലയിൽ ചെലവാക്കുവാനും ചെലവാകുവാനും എന്നെ സഹായിക്കേണമേ, അങ്ങയിൽ മാത്രം എന്റെ ഹൃദയം സന്തോഷിക്കട്ടെ.

ക്രിസ്തു നമ്മെ വിവാഹം നിശ്ചയം ചെയ്തിരിക്കുന്നു എങ്കിൽ അവിടുന്ന് നമ്മെ തനിക്കായി നിർമ്മലീകരിക്കുന്നു. വിവാഹനിശ്ചയം കഴിഞ്ഞ ഒരു പുരുഷൻ മറ്റൊരു വ്യക്തിയുമായി സ്നേഹം പങ്കിടുവാനിടയായാൽ എന്താണ് നമുക്കു തോന്നുന്നത്? നാം അവനെ വഷളനായിക്കാണും, പാപത്തിൽ ജീവിക്കുന്നവനായികാണും, അവനെ വെറുക്കും. എന്നാൽ ആ പുരുഷൻ വിവാഹനിശ്ചയം കഴിഞ്ഞ യുവതിയെ സ്നേഹിക്കേണ്ടതും ആ സ്നേഹം ഹൃദയാംഗമായതും അചഞ്ചലവുമായിരിക്കേണ്ടതാണ്. അതുപോലെ ക്രിസ്തുവിനോടുള്ള ബന്ധത്തിൽ നാമും നിർമ്മലത കാത്തുസൂക്ഷിക്കേണ്ടതാണ്. ഒരു നിസാരകാര്യം പോലും ആ ബന്ധത്തെ കളങ്കപ്പെടുത്തുന്നതായി നമ്മിൽ ഉണ്ടായിരിക്കാൻ പാടുള്ളതല്ല. സൂര്യന്റെ പ്രകാശം ഭൂമിയിൽ നിറഞ്ഞിരിക്കുന്നതുപോലെ, നമ്മുടെ ഹൃദയത്തിലും ആത്മാവിലും ക്രിസ്തുവിനോടുള്ള സ്നേഹം നിറഞ്ഞിരിക്കേണ്ടതാണ്. സകല ലോകസ്നേഹത്തിനുമെതിരെ നമ്മുടെ ഹൃദയത്തിന്റെ വാതിലുകൾ അടഞ്ഞിരിക്കേണ്ടതാണ്. നമ്മുടെ ഹൃദയം പൂർണ്ണമായി അവിടുത്തേയ്ക്ക് മാത്രമുള്ളതായിരിക്കേണം. സങ്കീർത്തനക്കാരനോട് ചേർന്ന് പറയാനുള്ള ദൈവകൃപയ്ക്കായി ദൈവത്തോട് പ്രാർത്ഥിക്കാം. " ദൈവമേ എന്റെ മനസ്സ് ഉറച്ചിരിക്കുന്നു " സങ്കീ. 108:1. അപ്പോൾ നിശ്ചയമായും ദൈവത്തിനു കീർത്തനം പാടും.

നടപ്പിൽ സ്ഥിരത

നിങ്ങളുടെ നടപ്പിൽ സ്ഥിരതയില്ലാത്ത ഒരാളാണ് നിങ്ങളെ എങ്കിൽ ആളുകൾ നിങ്ങളെ സംശയത്തോടെ മാത്രമോ കാണുകയുള്ളൂ. നിങ്ങൾ ദൈവത്തന്റെ വകയാണോ അല്ല യോ എന്നോ, നിങ്ങൾ ദൈവത്തെ സ്നേഹിക്കുന്നുവോ ഇല്ലയോ എന്നും ആർക്കും പറയാൻ സാദ്ധ്യമല്ല. ചില സമയങ്ങളിൽ നിങ്ങൾ സന്തോഷത്തോടെ നല്ല ഹൃദയത്തോടെ കാണപ്പെടും, അപ്പോൾ നിങ്ങളെക്കുറിച്ച് നല്ല പ്രതീക്ഷ തോന്നും, എന്നാൽ പെട്ടെന്ന് നിങ്ങൾ വീണുപോകുമ്പോൾ നിങ്ങളെക്കുറിച്ച് സങ്കടം തോന്നും. പ്രതീക്ഷകൾ എല്ലാം നഷ്ടപ്പെടുന്നു. ആർക്കും ഒരു ഉറപ്പും നിങ്ങളെക്കുറിച്ചുണ്ടാകാറില്ല.

ഇരു മനസ്സുളഅളവനെക്കുറിച്ച് ആർക്കും ഒരുറപ്പും പറയാനാകില്ല. എന്നാൽ ഞാൻ അറിയുന്നു എനിക്ക് ഒരു ഹൃദയമാണുള്ളത്, അത് കർത്താവിന്റെ വകയാണ് എനിക്ക് ഒരു വഴിയാണുള്ളത്, അത് ദൈവത്തെ അനുസരിക്കുന്ന വഴിയാണ്.

(ശേഷം 5-ാംപേജിൽ)

ദൈവത്തിങ്കലേയ്ക്ക് നടത്തുന്ന അമ്മമാർ

By James Cameron 1809 - 1873

ഒരു അമ്മ മക്കൾക്ക് നല്കുന്ന ധൈര്യവും ആശ്വാസവും ഒരു ക്രിസ്തിയ സംഘടനകളും നമുക്ക് നൽകുകയില്ല. എന്നാൽ നമ്മെ ധൈര്യപ്പെടുത്തുവാനും സഹായിപ്പാനും ആവശ്യമായ എല്ലാ നന്മകളും നമ്മുടെ ദൈവത്തിന്റെ പക്കലുണ്ട്. നമ്മുടെ ജീവിതത്തിന്റെ എല്ലാ കർത്തവ്യങ്ങളും നന്നായി ചെയ്യുവാൻ സഹായിക്കുന്ന ബലവും ജ്ഞാനവും ധൈര്യവും അനുഗ്രഹങ്ങളും നമ്മുടെ ദൈവത്തിന്റെ പക്കൽ ഉണ്ട്. കൃപാസനത്തിൽ ദൈവം ഇരിക്കുന്നു, തന്റെ ജനത്തെ അനുഗ്രഹിക്കുന്നു. “ ചോദിക്കുന്നതിലും നിനയ്ക്കുന്നതിലും അത്യന്തം പരമായി നൽകുവാൻ അവിടുത്തെ പക്കൽ ഉണ്ട്. ആവശ്യത്തോടെ അടുത്ത ചെല്ലുന്നവരുടെ നിലവിളിക്ക് അവിടുത്തെ ചെവി തിരിച്ചു കളകയില്ല. നമ്മെ സഹായിപ്പാനായി തീർന്നു പോകാത്ത ഉറവിടം തന്റെ പക്കൽ ഉണ്ട്. നമ്മുടെ ഹൃദയം ക്ഷീണിക്കുമ്പോൾ അത്യുന്നതമായ പാറയിലേക്ക് നോക്കുക” (സങ്കീ. 61:2). ആ ദൈവസ്നേഹത്തിന്റെ ഉറപ്പിൽ നമ്മുടെ ഭാരം കർത്താവിന്റെ മേൽ വയ്ക്കുക. അവിടുന്ന് നമ്മെ പരിപാലിക്കുന്ന ദൈവം അവിടുന്ന് ക്ഷീണിച്ചു പോകുന്നില്ല. തന്റെ വചനം നമ്മെ സന്തോഷിപ്പിക്കുന്നു. അവിടുന്ന് നമ്മെ പഠിപ്പിക്കുന്നവനും നല്ല സ്നേഹിതനും, വഴികാട്ടിയും, ആശ്വസിപ്പിക്കുന്നവനും, സങ്കേതവും, കോട്ടയും സൂര്യനും പരിചയും ആകുന്നു.

നിങ്ങൾക്ക് ബലം കുറഞ്ഞുപോകുന്നു എന്ന് തോന്നുവോ? ദൈവത്തിന്റെ അടുക്കലേക്ക് ചെല്ലുക. അവിടുന്ന് സർവ്വശക്തനായ ദൈവമത്രേ. ജ്ഞാനം കുറവാണെന്ന് തോന്നുന്നുവോ? ദൈവത്തിങ്കലേയ്ക്ക് ചെല്ലുക. അവിടുന്ന് സർവ്വജ്ഞാനിയാണ്. ഭൽസിക്കാതെ എല്ലാവർക്കും ഔദാര്യമായി കൊടുക്കുന്നു (യാക്കോ. 1:5) നിങ്ങൾ വഴിയിൽ ക്ഷീണിച്ചിരിക്കുന്ന ആളാണോ? ദൈവത്തോടി അടുത്തു ചെല്ലുക. അവൻ ക്ഷീണിച്ചിരിക്കുന്നവർക്ക് ശക്തി നൽകുന്നു. ബലമില്ലാത്തവർക്ക് ബലം വർദ്ധിപ്പിക്കുന്നു (യെശ. 40:29). നിങ്ങൾ കഴിവുകളെ ക്കുറിച്ച് തൃപ്തിയില്ലാത്തവരാണോ? ദൈവത്തിന്റെ അടുക്കൽ ചെല്ലുക. നിങ്ങൾ സകലത്തിലും എപ്പോഴും പൂർണ്ണ തൃപ്തിയുള്ളവരായി സകല സൽപ്രവർത്തിയിലും പെരുകിവരുമാറ് നിങ്ങളിൽ സകല കൃപയും പെരുകിവരുവാൻ ദൈവം ശക്തൻ ആകുന്നു (2കൊരി. 9:8). എല്ലാ തലമുറയിലും തന്റെ ജനത്തിന് അവിടുന്ന് ഒരു വാസ്ഥലവും പ്രതിസന്ധികളിൽ ഒരു സങ്കേതവും കഷ്ടങ്ങളിൽ ഏറ്റവും അടുത്ത തുണയും ആകുന്നു.

യിസ്രായേലിന്റെ മധുരഗായകനായ ദാവീദ് വാഗ്ദത്തങ്ങളിൽ വിശ്വസ്തനായ ദൈവത്തെക്കുറിച്ച്

(ശേഷം 7-ാം പേജിൽ)

കർത്താവിൽ പ്രിയരേ,

യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നേഹവന്ദനം. “തളർന്ന കൈകളെ ബലപ്പെടുത്തുവിൻ; കുഴഞ്ഞ മുഴങ്കാലുകളെ ഉറപ്പിപ്പിൻ. മനോഭീതിയുള്ളവരോടു ധൈര്യപ്പെടുവിൻ, ഭയപ്പെടേണ്ട; ഇതാ നിങ്ങളുടെ ദൈവം പ്രതികാരവും ദൈവത്തിന്റെ പ്രതിഫലവും വരുന്നു. അവൻ വന്നു നിങ്ങളെ രക്ഷിക്കും എന്നു പറവിൻ; അന്നു കുരുടന്മാരുടെ കണ്ണു തുറന്നുവരും. ചെകിടന്മാരുടെ ചെവി അടഞ്ഞിരിക്കയുമില്ല.” (യെശ.35:3-5)

2017-ാം വർഷത്തിന്റെ മെയ് മാസം നമ്മെ വിട്ട് കടന്നുപോയി. ജൂൺ മാസത്തിലേക്ക് നാം കടന്നു വന്നിരിക്കുന്നു.

നമുക്കു പ്രതികൂലമായിരിക്കുന്ന കാര്യങ്ങളെ ദൈവം തന്റെ കരത്തിൽ എടുത്ത് നമുക്ക് അനുഗ്രഹമാക്കിത്തീർക്കും. ദൈവം തന്റെ മക്കൾക്കു വേണ്ടി ഒരുക്കിയിരിക്കുന്നത് ഒരിക്കലും ഒരു മനുഷ്യന്റെ ഹൃദയത്തിലോ ചിന്താമണ്ഡലത്തിലോ നിരൂപിക്കുവാനും ഉൾക്കൊള്ളുവാനും സാധ്യമല്ല. അത്രയും ശ്രേഷ്ഠമാണത്. ഒരു ദൈവപൈതലിനോടുള്ള ദൈവീക വാഗ്ദത്തങ്ങൾ പ്രാപിച്ചെടുക്കുവാൻ പക്ഷെ അല്പം ദീർഘമായി കാത്തിരിക്കേണ്ടി വരും. എന്നാൽ അതിൽ മടുത്തു പോകാതെ വിശ്വാസത്തോടെ മറുപടി ലഭിക്കുന്നതുവരെ പ്രാർത്ഥന തുടരുവാനാണ് ദൈവവചനം നമ്മെ പഠിപ്പിക്കുന്നത്. അല്പം വൈകിയാലും ദൈവം തന്റെ ജനത്തിന്റെ പ്രാർത്ഥനയ്ക്ക് മറുപടി തരിക തന്നെ ചെയ്യും.

ദൈവം തന്റെ മക്കളോട് കരുണയുള്ളവനാണ്. ദൈവീക കല്പനകൾ പ്രമാണിക്കുന്നവർക്ക് മാത്രമേ സ്വർഗ്ഗീയ നഗരത്തിൽ എത്തിച്ചേരുവാൻ കഴിയുകയുള്ളൂ. “ ആ ഇളകാത്ത രാജ്യം പ്രാപിക്കുന്നതുകൊണ്ട് നാം നന്ദിയുള്ളവരായി ദൈവത്തിന് പ്രസാദം വരുമാറ് ഭക്തിയോടും ഭയത്തോടും കൂടെ സേവ ചെയ്യുക ”(എബ്രാ. 12:28) സകല ജാഗ്രതയോടും കൂടി ഹൃദയത്തെ നമുക്ക് കാത്തുകൊള്ളാം. നമ്മുടെ ജീവിതത്തിലെ ഓരോ നിമിഷങ്ങളും ദൈവവചന പ്രകാരം മാത്രം ആയിത്തീരുവാൻ നമുക്കു തീരുമാനിക്കാം.

മാസികയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് ചുവടെ ചേർക്കുന്നു. ബിന്ദു.എം ആഗമനദൂതൻ ***IFSC code SBIN 0070028 A/c. No. 67342839891*** *സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ തിരുവനന്തപുരം എന്ന പേരിൽ മാസിക നടത്തിപ്പിനായുള്ള സംഭാവന ഡ്രാഫ്റ്റ്/ചെക്ക് എന്നിവ രജിസ്റ്റേഡായി അയക്കുക. അഡ്രസ് മാറ്റം ഉടനെ അറിയിക്കുക.*

എല്ലാ മാസികാ മിത്രങ്ങളും ശരീരത്തിലും മനസ്സിലും ആത്മാവിലും ശുഭമായും സുഖമായും പുലരേണ്ടതിനായി പ്രാർത്ഥിക്കുന്നു.

എന്ന് ക്രിസ്തുവിൽ എളിയ സഹോദരി
ബിന്ദു.എം.

ആഗമനദൂതൻ

ബിന്ദു.എം
എഡിറ്റർ
Mob:**8589901702**

അഡ്വ.നോബിൾ
അസോസിയേറ്റ് എഡിറ്റർ
Mob: **9446590913, 9048677717**
കരിത്തലവിളാകം, ബിൻസി ഭവൻ, ആറാമട പി. ഒ.,
തിരുവനന്തപുരം - 695032
Mob:8589901702
E-mail:bindhum1971@yahoo.in
മാസിക ആവശ്യമുള്ളവർ ബന്ധപ്പെടുക

മാസികാപ്രവർത്തനത്തിനായി പ്രാർത്ഥിപ്പിൻ !

ഒരു പരമാർത്ഥ ഹൃദയം

By Joseph S. Carroll

ദൈവത്തോട് നമുക്ക് ഒരു നല്ല സമീപനമുണ്ട്. അത് എന്താണ്? എബ്രാ. 10:22-ൽ “പരമാർത്ഥഹൃദയത്തോടെ അടുത്തുചെല്ലുക”.

പരമാർത്ഥഹൃദയത്തോടെ അടുത്തു ചെല്ലുക എന്നതാണ് ആരാധനയിൽ നമുക്കുണ്ടായിരിക്കണം എന്ന് ദൈവം ആഗ്രഹിക്കുന്ന മനോഭാവം. നമ്മുടെ അധരങ്ങൾ കൊണ്ട് ദൈവത്തെ ബഹുമാനിക്കാൻ കഴിയും, എന്നാൽ നമ്മുടെ ഹൃദയത്തിൽ നിന്നാണ് ആരാധന വരേണ്ടത്. മത്താ. 15:7 8-ൽ വാഴ്ത്തപ്പെട്ട നമ്മുടെ കർത്താവു യെശയ്യാ പ്രവാചകന്റെ കാലത്തുള്ള ചില കപടഭക്തിക്കാരെ ഉദ്ധരിച്ചു പറയുന്നത് ഇങ്ങനെയാണ്. “ഈ ജനം അധരം കൊണ്ട് എന്നെ ബഹുമാനിക്കുന്നു”. മനുഷ്യ കല്പനകളായ ഉപദേശങ്ങളെ അവർ പഠിപ്പിക്കുന്നതുകൊണ്ട് എന്നെ വ്യർത്ഥമായി ഭജിക്കുന്നു.

എത്ര യാഥാർത്ഥ്യമാണിത്. അവർക്ക് ഏറ്റു പറച്ചിലുണ്ട്. പക്ഷേ സമർപ്പണമില്ല. ദൈവം അംഗീകരിക്കുന്ന ആരാധനയിൽ ഒരു സമർപ്പണമുണ്ടായിരിക്കണം പരമാർത്ഥ ഹൃദയത്തോടെയുള്ള സമർപ്പണം.

എന്താണ് ഒരു പരമാർത്ഥ ഹൃദയം?

ബിഷപ്പ് വെസ്റ്റ്കോട്ട് അതിനെക്കുറിച്ച് എഴുതിയത് മുഴുഹൃദയത്തോടുമുള്ള ധ്യാനപൂർണ്ണമായ സമർപ്പണമാണ്. പരമാർത്ഥ ഹൃദയം കൊണ്ട് അർത്ഥമാക്കുന്നത് എന്നാണ്. ഭിന്നതയോ ചഞ്ചലമോ ഇല്ലാത്ത തുറന്ന ഹൃദയം മുഴു വ്യക്തിത്വത്തിന്റെയും സ്വയസമർപ്പണം. മറ്റൊരു വിധത്തിൽ പറഞ്ഞാൽ ബുദ്ധി, വികാരം, ഇംഗിതം എന്നിവയുടെ സമ്പൂർണ്ണ സമർപ്പണം.

അഡോൾഫ് സഫീർ എന്ന ദൈവഭക്തൻ പറയുന്നത്, മുഴുഹൃദയമാണ് പരമാർത്ഥഹൃദയം. പരമാർത്ഥ ഹൃദയം ഒരിക്കലും സ്വയമായി സന്തോഷിക്കുവാൻ താല്പര്യപ്പെടുന്നില്ല, അത് സമാധാനമാണ്, ദൈവമാണ് എനിക്കെല്ലാം എന്ന് പറയുന്നു.

ആൻഡ്രൂ മുറേ എന്ന ദൈവഭക്തൻ പറയുന്നത്, മനുഷ്യന്റെ പ്രകൃതിയിൽ അവന്റെ ഹൃദയമാണ്. അവന്റെ ശക്തി കേന്ദ്രം. നമ്മുടെ അകത്തെ മനുഷ്യൻ സത്യത്തിൻ ദൈവത്തിന് സമർപ്പിക്കപ്പെടേണം. ഹൃദയത്തിന്റെ ആഗ്രഹം മുഴുവനായി ദൈവത്തിന് സമർപ്പിക്കപ്പെട്ട ഹൃദയമാണ് പരമാർത്ഥ ഹൃദയം. അവന്റെ സ്നേഹവും സന്തോഷവും എല്ലാം ദൈവുമായിട്ടാണ്. “ദൈവത്തിനായി ദാഹിക്കുന്ന ഒരു ഹൃദയം”.

ഇത് നമ്മെ ചിന്തിപ്പിക്കുന്നത്. ഒരു പരമാർത്ഥ ഹൃദയത്തിനു വേണ്ടി എന്ത് പ്രത്യാശയാണ് എന്നിലുള്ളത്? എന്റെ ഹൃദയത്തിന്റെ ആഗ്രഹം ദൈവത്തിൽ വയ്ക്കുവാൻ എനിക്കു കഴിയുമേ? എന്റെ സ്നേഹം ദൈവത്തിന് കൊടുത്ത് അതിൽ സന്തോഷിപ്പാൻ എനിക്കു കഴിയുമോ? എനിക്കത് ചെയ്യാൻ കഴിയുമോ?

ഒരു പരമാർത്ഥ ഹൃദയത്തിനു വേണ്ടി നിങ്ങൾ ആഗ്രഹിക്കുന്നു എങ്കിൽ നിങ്ങൾ അത് പ്രാപിക്കും. അത് നമ്മുടെ തീരുമാനമാണെങ്കിൽ ദൈവത്തിന്റെ വിളി എന്നത് ദൈവത്തിന്റെ ശക്തീകരണങ്ങൾ ആണ്. നമ്മുടെ ആവശ്യങ്ങളെ നിവർത്തിക്കുവാൻ ദൈവം തന്റെ ആത്മാവിലൂടെ നമ്മിൽ ജീവിക്കുന്നു. ദൈവത്തിന്റെ സഹായമില്ലാതെ ഒരു പരമാർത്ഥ ഹൃദയം സാദ്ധ്യമല്ല. ആത്മാവ് നടത്തുന്ന ജീവിതം ദൈവത്തിന്റെ നിയന്ത്രണത്തിലാണ്.

അബ്രഹാമിന്റെ സമർപ്പണം

ഉല്പ. 22:1,2-ൽ അബ്രഹാമിന്റെ മഹത്തായ സമർപ്പണം കാണാം. അബ്രഹാമിന്റെ സമർപ്പണത്തെ നമുക്ക് മാതൃകയാക്കാം. “അതിന്റെ ശേഷം ദൈവം അബ്രഹാമിനെ പരീക്ഷിച്ചതെങ്ങനെയെന്നാൽ: അബ്രഹാമേ എന്ന് വിളിച്ചതിന് ഞാൻ ഇതാ എന്ന് അവൻ

(ശേഷം 4-ാം പേജിൽ)

രക്ഷിക്കപ്പെടുവാൻ എന്തു ചെയ്യണം

അംഗീകരിക്കുക	*ഒരു വ്യത്യാസവുമില്ല എല്ലാവരും പാപം ചെയ്ത് ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു (റോ.3:23)*
പശ്ചാത്തപിക്കുക	*അല്ലല്ല, മാനസാന്തരപ്പെടാഞ്ഞാൽ നിങ്ങൾ എല്ലാവരും അങ്ങനെ തന്നെ നശിച്ചുപോകും (ലൂക്കൊ. 13;3)*
ഏറ്റുപറയുക	*നമ്മടെ പാപങ്ങളെ ഏറ്റു പറയുന്നു എങ്കിൽ യേശു നമ്മോട് പാപങ്ങളെ ക്ഷമിച്ച് സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിക്കുവാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു (1യോഹ. 1:9)*
ഉപേക്ഷിക്കുക	*ദുഷ്ടൻ തന്റെ വഴിയെയും നീതികെട്ടവൻ തന്റെ വിചാരങ്ങളെയും ഉപേക്ഷിച്ച് യഹോവയിങ്കലേക്ക് തിരിയട്ടെ. അവൻ അവനോട് കരുണ കാണിക്കും. നമ്മുടെ ദൈവത്തിങ്കലേക്ക് തിരിയട്ടെ. അവൻ ധാരാളം ക്ഷമിക്കും.*
ശുദ്ധീകരിപ്പെടുക	*അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപം പോക്കി നമ്മെ ശുദ്ധീകരിക്കുന്നു (1യോഹ. 1:7).*
വിശ്വസിക്കുക	*തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു. (യോഹന്നാൻ 3:10)*
സമർപ്പിക്കുക	*ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്നും നിങ്ങളെ വിലക്ക് വാങ്ങിയിരിക്കുകയാൽ നിങ്ങൾ താന്തങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ? ആകയാൽ ശരീരം കൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുവിൻ. (1കൊരി.6:19,20)*
പ്രാപിച്ചെടുക്കുക	*യേശുവിനെ കർത്താവെന്ന് വായ്കൊണ്ട് ഏറ്റുപറകയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേല്പിച്ചു എന്ന് ഹൃദയം കൊണ്ട് വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും. ഹൃദയം കൊണ്ട് നീതിക്കായി വിശ്വസിക്കകയും വായ്കൊണ്ട് രക്ഷയ്ക്കായി ഏറ്റു പറയുകയും ചെയ്യണം (റോമ.10:9,10)*

(3-ാം പേജിന്റെ തുടർച്ച)

പരമാർത്ഥ ഹൃദയം

പറഞ്ഞു. അപ്പോൾ അവൻ, നിന്റെ മകനെ, നീ സ്നേഹിക്കുന്ന യിസഹാക്കിനെ തന്നേ കൂട്ടിക്കൊണ്ടു മോരിയാ ദേശത്ത് ചെന്ന് അവിടെ ഞാൻ നിന്നോട് കല്പിക്കുന്ന ഒരു മലയിൽ അവനെ ഹോമയാഗം കഴിക്ക എന്നു അരുളിചെയ്തു ".

എന്താണ് ദൈവം അബ്രഹാമിനോട് പറയുന്നത്? അവനെ ഹോമയാഗമായി അർപ്പിക്കേണം. നീ സ്നേഹിക്കുന്ന നിന്റെ മകനെ യാഗപീഠത്തിന്മേൽ വയ്ക്കേണം. എന്തൊരു പരീക്ഷ! ദൈവം ഒരു മനുഷ്യനെ പരീക്ഷിക്കുന്നത് അവനെ അനുഗ്രഹിപ്പാൻ വേണ്ടിയാണ്. ഈ പരീക്ഷ പ്രയാസമേറിയതാണ്. അബ്രഹാം ഇതിനെ തരണം ചെയ്താൽ അബ്രഹാം മാത്രമല്ല തലമുറ തലമുറയായിട്ടുള്ള അനുഗ്രഹമാണു കിട്ടുന്നത്.

അവന്റെ ഹൃദയം

ഇപ്പോൾ അബ്രഹാമിന് അതു ചെയ്യാൻ കഴിയും. മൂന്ന് കാര്യങ്ങളിൽ തന്നെത്താൻ സമർപ്പിക്കുകയാണ്. ഒന്നാമതായി തന്റെ ബുദ്ധിയെ സമർപ്പിക്കുന്നു. ദൈവം അരുളിചെയ്തതിനെ അബ്രഹാം സംശയിക്കുന്നില്ല. യിസ്ഹാക്ക് വാഗ്ദത്ത സന്തതിയാണ്. അവൻ ഒരു അത്ഭുത ശിശുവാണ്. എല്ലാ പ്രതീക്ഷകളും യിസ്ഹാക്കിലാണ്. ഇപ്പോൾ ദൈവം പറയുന്നു അവനെ കൊല്ലണം. അതെ, ദൈവം അവനെ ഉയിർപ്പിക്കും. തെറ്റു പറ്റിയില്ല.

ആദ്യം അബ്രഹാം സമർപ്പിക്കേണ്ടിയിരുന്നത് തന്റെ ബുദ്ധിയെയാണ്. അബ്രഹാം സദൃ. 3:5 പ്രകാരം സമർപ്പിക്കേണ്ടിയിരുന്നു. " പൂർണ്ണ ഹൃദയത്തോടെ യഹോവയിൽ ആശ്രയിക്ക സ്വന്തവിവേകത്തിൽ ഊന്നരുത് ".

ഇത് ദൈവത്തിന്റെ കല്പനയാണ്. അത് ദൈവത്തിന്റെ കല്പന എന്ന നിലയിൽ ഈ ദിവസങ്ങളിൽ നാമും അവസ്ഥയെ മനസിലാക്കി ഉചിതമായ തീരുമാനം എടുക്കേണം, മനുഷ്യന് എന്ത് ചെയ്യുവാൻ കഴിയും എന്ന് പഠിച്ച് ഉചിതമായ തീരുമാനമെടുക്കേണം. ബുദ്ധി ദൈവമുമ്പാകെ സമർപ്പിക്കപ്പെടേണം. അതാണ് ഒന്നാമത്തെ കാര്യം.

എന്താണ് അടുത്തതായി സമർപ്പിക്കേണ്ടത്. തന്റെ സ്നേഹം സമർപ്പിക്കേണം, വികാരങ്ങളെ സമർപ്പിക്കേണം. അബ്രഹാം യിസഹാക്കിനെ സ്നേഹിച്ചു. തന്റെ വികാരങ്ങളെ സ്നേഹിക്കുന്നു.

ഒടുവിലായി, തന്റെ ഇംഗിതത്തെ സമർപ്പിക്കേണം. അബ്രഹാം ദൈവത്തിന്റെ ഇഷ്ടം നിവർത്തിക്കേണം. ദൈവത്തിന്റെ ഇഷ്ടത്തിന് ഒന്നാം സ്ഥാനം കൊടുക്കേണം.

മറ്റൊരുവിധത്തിൽ പറഞ്ഞാൽ എന്താണ് അബ്രഹാം ചെയ്യുവാനായി ദൈവം പറയുന്നത്? തന്റെ ഹൃദയത്തെ സമർപ്പിക്കണം. അവന്റെ ബുദ്ധി, വികാരം, ഇംഗിതം ദൈവത്തിന്റെ ഇഷ്ടം ചെയ്യേണം. മരണത്തെ അഭിമുഖീകരിക്കേണ്ടി വന്നാലും ദൈവത്തിന്റെ ഇഷ്ടം ചെയ്യണം.

അബ്രഹാം ഒരു കാര്യം ചെയ്തെങ്കിൽ .യിസഹാക്ക് നിശ്ചയമായും രക്ഷപ്പെടുമായിരുന്നു. താൻ സ്നേഹിച്ച തന്റെ ഏകജാതനായ മകനെ അർപ്പിക്കയോ? ഒരിക്കലുമില്ല എന്നാൽ അബ്രഹാം അതു ചെയ്തു. അബ്രഹാം തന്റെ കൂട്ടുകാരെ വിളിച്ചില്ല. കൂട്ടുവിശ്വാസികളെ വിളിച്ച് ആലോചന ചോദിച്ചില്ല. ഒരു പ്രാർത്ഥന മീറ്റിംഗ് വച്ചില്ല. ദൈവത്തെ അതുപോലെ അനുസരിച്ചു.

" അബ്രഹാം അതിരാവിലെ എഴുന്നേറ്റു " (ഉല്പ. 22:3). അബ്രഹാം വേഗം എഴുന്നേറ്റു, ചോദ്യം ചെയ്യാതെ, ഒരു മടിയും കൂടാതെ വെളിപ്പെടുത്തപ്പെട്ട ദൈവ ഇഷ്ടത്തെ അനുസരിക്കുന്നു. ദൈവം സംസാരിക്കുമ്പോൾ പിന്നെ നാം പ്രാർത്ഥിക്കേണ്ട ആവശ്യമില്ല. കൃപയ്ക്കായി പ്രാർത്ഥിക്കേണം എന്നത് ശരിയാണ്. പ്രത്യേക നടത്തിപ്പിനായി പ്രാർത്ഥിക്കേണ്ടതായ ആവശ്യമില്ല.

എപ്പോഴാണ് നിങ്ങൾ ദൈവത്തിന് സമർപ്പിച്ചത്? ബുദ്ധിയെ വികാരത്തെ, ഇംഗിതത്തെ സമർപ്പിക്കാതെ വേറൊരു സമർപ്പണമില്ല. എപ്പോഴാണ് പൂർണ്ണമായി നിങ്ങളെ സമർപ്പിച്ചത്? യഥാർത്ഥമായി അങ്ങനെ സമർപ്പിച്ചിട്ടുണ്ടോ? നിങ്ങൾക്ക് ഒരു പരമാർത്ഥ ഹൃദയമുണ്ടോ? അതാണ് ദൈവം ആവശ്യപ്പെടുന്നത്. അതാണ് യഥാർത്ഥമായ ആവശ്യം.

സമർപ്പിക്കപ്പെട്ടദാസന്മാർ

സമ്പൂർണ്ണമായി, പരമാർത്ഥ ഹൃദയത്തോടെ സമർപ്പിച്ച ദൈവഭക്തന്മാരെ നോക്കാം.

ഡി. എൽ. മൂഡി:- തന്റെ ജീവിതത്തിന്റെ താക്കോൽ എന്താണ്? ഒരിക്കൽ അദ്ദേഹം ഒരു ബ്രിട്ടീഷ് സുവിശേഷകനായ ഹെൻറി വാർലെ ഇങ്ങനെ പറയുന്നതുകേട്ടു, ദൈവത്തിനായി പൂർണ്ണമായി സമർപ്പിക്കപ്പെട്ട ഒരു മനുഷ്യനിലൂടെ ദൈവം ചെയ്യുന്നത് കാണുക.

ഡി.എൽ.മൂഡി പറഞ്ഞു. " ദൈവകൃപയാൽ ആ മനുഷ്യൻ ഞാനായിരിക്കും ".

എങ്ങനെ ദൈവം മൂഡിയെ ഉപയോഗിച്ചു എന്ന് ഇന്ന് നാം അറിയുന്നു. അദ്ദേഹം ഒരു ബുദ്ധിശാലിയായിരുന്നുവോ? താലന്തുകളുള്ള മനുഷ്യനായിരുന്നുവോ? വിദ്യാഭ്യാസമുള്ള വ്യക്തിയായിരുന്നുവോ? ഒരിക്കലുമല്ല, അദ്ദേഹം തികഞ്ഞ ഹൃദയമുള്ള ആളായിരുന്നു. 2ദിന. 16:9-ലെ സത്യത്തെ ജീവിതത്തിലൂടെ തെളിയിച്ച് കാണിച്ചു "യഹോവയുടെ കണ്ണു തങ്കൽ ഏകാഗ്രചിത്തന്മാരായിരിക്കുന്നവർക്കു വേണ്ടി തന്നെത്താൻ ബലവാനെന്ന് കാണിക്കേണ്ടതിന് ഭൂമിയിലെല്ലാടവും ഊടാടിക്കൊണ്ടിരിക്കുന്നു ".

ദൈവത്തിന് വേണ്ടി നമുക്കും എന്തു ചെയ്യുവാൻ കഴിയും. എന്നല്ല ഇവിടെ കാണുന്നത്. തികഞ്ഞ് ഹൃദയമുള്ളവരായിരിക്കുന്ന നമ്മിലൂടെ, നമുക്കുവേണ്ടി ദൈവം എന്തു ചെയ്യുന്നു എന്നാണ് ഇവിടെ കാണുന്നത്. അങ്ങനെയുള്ള ആളുകളെ ദൈവം തെരയുന്നു. അങ്ങനെ ഒരു പുരുഷനെയോ സ്ത്രീയെയോ കിട്ടിയാൽ അവരിലൂടെ ദൈവം ശക്തിയായി തന്നെത്താൻ വെളിപ്പെടുത്തുന്നത്. ഒരിക്കലും മറക്കരുത് നമുക്ക് എന്തു ചെയ്യുവാൻ കഴിയും എന്നല്ല; നമുക്കു വേണ്ടി ചെയ്യുവാനും നമ്മിലൂടെ പ്രവർത്തിച്ചു തന്റെ നാമത്തെ മഹത്വപ്പെടുത്താനുമത്രേ ദൈവം ആഗ്രഹിക്കുന്നത്.

നാം പരമാർത്ഥ ഹൃദയമുളളവരായിരിക്കേണം നമ്മുടെ ജീവിതത്തിന്റെ യാഗപീഠത്തിൽ ദൈവത്തിനായി നമ്മുടെ ബുദ്ധി, വികാരം, ഇംഗിതം എന്നിവയെ സമർപ്പിക്കേണം. ദൈവത്തിന്റെ പുരുഷനും, ദൈവത്തിന്റെ സ്ത്രീയും ആയിരിക്കണം.

ഗ്രഹാം സ്ക്രോഗി:- ഞാൻ വിശ്വപ്രസിദ്ധമായ കെസ് വിക്ക് കൺവെൻഷനിൽ സംബന്ധിക്കുമ്പോൾ

(ശേഷം 6-ാം പേജിൽ)

(1-ാം പേജിന്റെ തുടർച്ച)

പൂർണ്ണമായി ദൈവത്തിന് അർപ്പിക്കപ്പെട്ട ഒരു ഹൃദയം

അങ്ങനെ എനിക്ക് ആ ഉറപ്പുണ്ട്. ഞാൻ അവിടുത്തെ വകയാണ്. അങ്ങനെ എന്റെ മുഖം യരുശലേമിനെ നോക്കി പറയും, ഞാൻ എവിടെയാണ് എന്ന്. ഞാൻ അറിയുന്നു. ഞാൻ ആരാണ്, എവിടേയ്ക്ക് പോകുന്നു എന്ന് ഞാൻ അറിയുന്നു. ജീവിതവിശുദ്ധി നമ്മുടെ രക്ഷ നമുക്ക് സന്തോഷവും സമാധാനവും വലിയ ഉറപ്പും നൽകുന്നു. ''അവന്റെ കല്പനകളെ പ്രമാണിക്കുന്നു എങ്കിൽ നാം അവനെ അറിഞ്ഞിരിക്കുന്നു എന്ന് അതിനാൽ അറിയുന്നു'' (1യോഹ. 2:3).

വാക്കിൽ സ്ഥിരത

നമ്മുടെ ജീവിത വഴിയിൽ കർത്താവുണ്ടായിരിക്കണം. ദൈവവുമായി നമുക്ക് സുസ്ഥിരമായ ഒരു ബന്ധമുണ്ടായിരിക്കേണം, നമ്മുടെ ഹൃദയത്തിൽ യഥാർത്ഥ ദൈവഭയമുണ്ടായിരിക്കേണം, '' യഹോവാഭക്തി ജ്ഞാനത്തിന്റെ ആരംഭമാണ് ''. നമുക്ക് ആ രക്ഷയുടെ ഉറപ്പുണ്ട്.

ദൈവത്തിൽ നിന്നുമുള്ള യഥാർത്ഥ ദൈവഭയം നമ്മിൽ വരുമ്പോൾ അതു എല്ലാവിധ പരിശോധനകളെയും സഹിക്കുവാൻ നമ്മെ സഹായിക്കുന്നു. ചിലകൂട്ടായ്മകൾ പുറമെയുള്ള ഉണർവ്വിനെ ആശ്രയിച്ചാണ് നിലനിൽക്കുന്നത്. എന്നാൽ ദൈവഭയം എല്ലാ സാഹചര്യങ്ങളിലും ദൈവസന്നിധിയിൽ താണിരിക്കുവാൻ നമ്മെ സഹായിക്കുന്നു. അനേക വിശ്വാസികൾക്കും സംഭവിക്കുന്നത്, ഉണർവുകാർ പോകുമ്പോൾ ഉണർവും പോകും. എന്നാൽ ദൈവം നമുക്ക് തന്നെ അനുസരിപ്പാനും സ്നേഹിപ്പാനും ഒരു ഹൃദയം തന്നിരിക്കുന്നു എങ്കിൽ, ആ ദൈവഭയം നമ്മിൽ ഉണ്ടെങ്കിൽ നാം ഒരിക്കലും പുറമേ മാത്രമുള്ള ഉണർവിൽ ആശ്രയിക്കുകയില്ല. സലാമാണ്ടർ എന്ന ജീവിയെപ്പോലെ തീയിൽ ജീവിക്കുവാൻ നമുക്കു കഴിയും. സീൽ എന്ന ജീവിയെപ്പോലെ ആർട്ടിക് പ്രദേശത്തെ മഞ്ഞുകൾക്കിടയിൽ ജീവിക്കാൻ കഴിയും നാം ജീവിക്കുന്നത് ഉണർവ്വുണ്ടാക്കുന്ന പ്രത്യേക മീറ്റിംഗുകളെ ആശ്രയിച്ചുമല്ല, നമ്മെ നിറയ്ക്കുന്ന ദൈവത്തിന്റെ ആഴങ്ങൾ നമ്മിലുണ്ട്. നാം ജീവിക്കുന്നത് നമ്മുടെ യജമാനനിലാണ്. സേവകന്മാരിലല്ല. നാം ആശ്രയിക്കുന്ന ചില നല്ല ആളുകൾ നമ്മെ കൈവിട്ടേയ്ക്കാം എന്നാൽ ദൈവത്തിന്റെ പരിശുദ്ധാത്മാവ് ഒരിക്കലും നമ്മെ കൈവിടുകയില്ല.

പരീക്ഷകൾ വരും. അപ്പോഴാണ് ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ടവർ ആരെന്നും അല്ലാത്തവർ ആരെന്നും നാം കാണുക. പരിശോധനകൾ ഒരു വീശുമുറം പോലെ പ്രവർത്തിക്കാറുണ്ട്. നല്ല മണികൾ ശേഷിക്കും. പതിർ ദൂരെ പറന്നുപോകും. നല്ലമണികൾ ശേഷിക്കയും അവ ശുദ്ധീകരിക്കപ്പെടുകയും ചെയ്യും. യഥാർത്ഥമായി ദൈവത്തെ ഭയപ്പെടുന്നവൻ ഒരു ഹൃദയവും ഒരു വഴിയുമായി എന്നേയ്ക്കും ദൈവത്തെ ഭയപ്പെടും.

എന്നാൽ കഠിനമായ ശോധനകൾ വീണ്ടും വരും. അത് സാമ്പത്തികമോ പദവികളിലൂടെയോ ഉള്ള പരീക്ഷയാകാം. ഒരു മനുഷ്യൻ സാമ്പത്തികമായും പദവിയിലും വളരെ ഉയർന്നു. സമൂഹത്തിൽ ഒരു ഉയർന്ന പദവിയിലെത്തി. അവൻ ഒരു യഥാർത്ഥ വിശ്വാസി അല്ലെങ്കിൽ അവൻ കർത്താവിനെ കൈവിടും. എന്നാൽ അവൻ ദൈവത്തിൽ നിന്നും ജനിച്ച ഒരു യഥാർത്ഥ ദൈവപൈതലാണെങ്കിൽ അവൻ എവിടെയും ദൈവഭയത്തോടെ ജീവിക്കും. അവൻ കൂടുതൽ ദൈവത്തോടു പറ്റിച്ചേരും. പൂർണ്ണമായി ദൈവത്തിന് സമർപ്പിക്കപ്പെട്ട ഒരുവൻ അവന്റെ സമൃദ്ധിയിലാകട്ടെ കണ്ണുനീരിൽ ആകട്ടെ, ബഹുമാനമുള്ളപ്പോഴാകട്ടെ പരീക്ഷയിലാകട്ടെ എപ്പോഴും ദൈവത്തിനായി ജീവിക്കും.

ക്ഷാമം ഒരു കഠിനമായ പരിശോധനയാണ്. അനേക വിശ്വാസികൾ ക്ഷാമകാലത്ത് ദൈവവചനം വിട്ടു പോകുന്നത് കണ്ടിട്ടുണ്ട്. ആരാധനയ്ക്ക് എന്തുകൊണ്ട് പോകുന്നില്ല എന്നു ചോദിച്ചാൽ പറയും ഞങ്ങൾക്ക് യോഗ്യമായ വസ്ത്രം ഇല്ല. എന്നാൽ യാഥാർത്ഥ്യം, ആരാധനയ്ക്ക് പോകാനുള്ള ഹൃദയം ഇല്ല എന്നതാണ്. ദൈവത്തെ ഭയപ്പെടുന്ന ഒരുവൻ തന്റെ വഴികളെ വിട്ട് കർത്താവിനെ അനുഗമിക്കുന്നു. ഞെരുക്കത്തിന്റെ അപ്പവും കണ്ണുനീരിന്റെ പാനീയവും അവർ സഹിക്കും എന്നാൽ ദൈവവചനത്തിന്റെ ക്ഷാമം അവർക്ക് ഒരിക്കലും സഹിക്കുവാൻ സാദ്ധ്യമല്ല. തന്റെ ആത്മാവ് പോഷിപ്പിക്കലും സഹിക്കുവാൻ സാദ്ധ്യമല്ല. തന്റെ ആത്മാവ് പോഷിപ്പിക്കപ്പെടേണ്ടതിന് സ്വർഗ്ഗീയ ഭക്ഷണം വിളമ്പിയിരിക്കുന്ന കർത്താവിന്റെ മേശയോട് അവൻ നിരന്തരം അടുത്തു വരുന്നു. ഇയ്യോബിൽ നിന്നും തന്റെ സമ്പത്തും മാറ്റപ്പെടുമ്പോഴും താൻ ദൈവത്തോട് പറ്റി നിന്നു.

വാർദ്ധക്യത്തിൽ നമ്മുടെ ആരോഗ്യം ക്ഷയിച്ചുപോകും. എന്നാൽ നമ്മിലുള്ള ദൈവകൃപ നശിച്ചു പോകുന്നില്ല. വാർദ്ധക്യത്തിൽ ചെവിമന്ദമാകും, കുറയും. കാഴ്ച ശരീരാവയവങ്ങൾ വിറയ്ക്കും,എന്നാൽ അപ്പോഴും നമുക്ക് ദൈവശബ്ദം കേൾപ്പാൻ കഴിയും, ഇതാ ദൈവവചനത്തിന്റെ മനോഹാരിത, ദൈവവചനത്തിന്റെ വഴിയിൽ ഞാനോടും. ദൈവം ഒരു ബാല്യക്കാരന് ഒരു ഹൃദയവും ഒരു വഴിയും കൊടുത്താൽ അവൻ എന്നേയ്ക്കും ദൈവത്തെ ഭയപ്പെടുന്നു. പരിശോധനകളും കഷ്ടങ്ങളും ഏറിവരുമ്പോഴും അവൻ ദൈവത്തിൽ ഉറച്ചു നിൽക്കുന്നു. അവൻ വാർദ്ധക്യത്തിലും ഫലം കായ്ച്ചുകൊണ്ടിരിക്കും, തന്റെ ദൈവത്തെ അവൻ മഹത്വപ്പെടുത്തികൊണ്ടിരിക്കും. നാം മുഴുവനായി നമ്മെ ദൈവത്തിന് സമർപ്പിച്ചിരിക്കുന്നു. എങ്കിൽ ഒരിക്കലും പിന്മാറിപ്പോകയില്ല. ''ക്രിസ്തുവിന്റെ സ്നേഹത്തിൽ നിന്നും നമ്മെ ആർ വേർപിരിക്കും'' (റോമർ. 8:35).

ഏറ്റവും മഹത്തായ സ്നേഹമാണ് കർത്താവ് നമുക്ക് നൽകിയിരിക്കുന്നത്. നമുക്ക് അപ്പൻ നഷ്ടമാകും. അമ്മ നഷ്ടമാകും. അതെ, നമ്മുടെ ജീവിതവും ഇവിടെ അവസാനിക്കും എന്നാൽ ദൈവം ഒരു നാളും ഉപേക്ഷിക്കുവാൻ സാദ്ധ്യമല്ല. കാരണം അവിടുന്നത്രേ ഏറ്റവും അഗാധമായ പാപകൂപത്തിൽ നിന്നും നമ്മെ വീണ്ടെടുത്തത്. ദൈവത്തിന്റെ രാജ്യവുമായി നാം ഉടമ്പടി ചെയ്തിരിക്കുന്നു. നാം ദൈവത്തിന്റെ വില്ലിൽ നിന്നും എയ്യപ്പെട്ടിരിക്കുന്ന ഒരു അമ്പാണ്. വളരെ വേഗത്തിൽ നാം ഓടിക്കൊണ്ടിരിക്കുന്നു. ലക്ഷ്യ സ്ഥാനമായ നിത്യതയുള്ള തുറമുഖത്ത്

(ശേഷം 8-ാംപേജിൽ)

(3-ാം പേജിന്റെ തുടർച്ച)

ഒരു പരമാർത്ഥ ഹൃദയം

ഇംഗ്ലണ്ടിൽ 1950-ൽ വേദപുസ്തകവായനക്കായി എനിക്ക് അവസരം കിട്ടി. ഒരു നല്ല ദൂതുവാഹി, വളരെ ശക്തിയോടെ ദൈവവചനം പ്രസംഗിച്ചു. ദൂതിനെക്കാളുപരി, തന്റെ വ്യക്തിത്വം, തന്റെ തീക്ഷ്ണത, ക്രിസ്തുവിനോടുള്ള അഗാധമായ സ്നേഹം ദൈവവചനത്തിലുള്ള ആഴമായ ആശ്രയം എല്ലാം അത്ഭുതകരമായിരുന്നു. ദൈവത്തിന്റെ പരിശുദ്ധാത്മാവിന്റെ ശക്തിയാലുള്ള തന്റെ പ്രസംഗം എന്നെ തൊട്ട് സംസാരിച്ചു.

തന്റെ ആദ്യ പ്രസംഗത്തിന്റെ ഉപസംഹാരത്തിൽ തന്റെ വ്യക്തിപരമായ സാക്ഷ്യം പറഞ്ഞു. ഒരിക്കൽ താൻ ശുശ്രൂഷിക്കുമ്പോൾ താൻ പെട്ടെന്ന് രോഗിയായിത്തീർന്നു. രോഗം വർദ്ധിച്ചു. എന്താണ് ചെയ്യേണ്ടത് എന്നറിയാൻ താൻ തന്റെ ഡോക്ടറെ സമീപിച്ചു. ഡോക്ടർ നന്നായി പരിശോധിച്ചു. രോഗം സൗഖ്യമാകണമെങ്കിൽ പ്രസംഗം നിർത്തണം എന്നു പറഞ്ഞു. പ്രസംഗം തുടർന്നാൽ രോഗം സൗഖ്യമാകയില്ല എന്നു പറഞ്ഞു. അദ്ദേഹം ദൈവത്തോട് കരഞ്ഞു. എന്നിട്ട് അയർലന്റിലുള്ള തന്റെ സ്നേഹതിനായ ഒരു ദൈവഭക്തനെ ബന്ധപ്പെട്ടു.

ആ ദൈവഭക്തൻ തനിക്ക് ഒരു കത്തെഴുതി. സ്ക്രോഗീ, നീ നിന്നെ യഥാർത്ഥമായി കർത്താവായ യേശുവിന് സമർപ്പിച്ചിട്ടുണ്ടോ? ഒരു പ്രസിദ്ധനായ ദൈവദാസനോട് ഈ ചോദ്യത്തിന്റെ പ്രസക്തി എന്താണ്? എന്നാൽ ആ ചോദ്യം എല്ലാവരോടുമുള്ള ഒരു പ്രധാന ചോദ്യമാണ്. അദ്ദേഹം മറുപടി പറഞ്ഞു. ഞാൻ ക്രിസ്തീയ ജീവിതത്തിന്റെ പൊതുവായ വഴിയിലാണ്.

തന്റെ കൂട്ടുകാരനിൽ നിന്നും രണ്ടാമത്തെ കത്തും എത്തി. മനഃപൂർവ്വമായും പ്രത്യേക ലക്ഷ്യത്തോടും നിന്റെ പ്രവൃത്തി ചെയ്ക.

സ്ക്രോഗി വീണ്ടും ദൈവത്തെ അന്വേഷിച്ചു. തന്നെത്തന്നെ പരിശോധിച്ചു. തന്റെ അവസ്ഥയെ കണ്ടുപിടിച്ചു. പ്രസംഗിക്കുവാൻ വേണ്ടിയാണ് ജീവിക്കുന്നത് എന്ന് മനസ്സിലാക്കി. തന്റെ പേരിനുവേണ്ടിയാണ് പ്രസംഗിക്കുന്നത്. അത് കർത്താവിനെ ദുഃഖിപ്പിച്ചു. താൻ ദൈവമുമ്പാകെ കരഞ്ഞു, അനുതപിച്ചു, സമ്പൂർണ്ണമായി ദൈവത്തിനായി സമർപ്പിച്ചു. സൗഖ്യമായി. അനേകവർഷങ്ങൾ ദൈവത്തിനു വേണ്ടി ശക്തിയോടെ പ്രസംഗിച്ചു.

എപ്പോഴാണ് നിങ്ങൾ ദൈവത്തിനായി നിങ്ങളെ സമർപ്പിച്ചത്. സ്ക്രോഗിയുടെ മറുപടിയാണോ നിങ്ങൾക്കുള്ളത്? പരമാർത്ഥഹൃദയത്തോടെ ചെയ്യുക. നമ്മുടെ സ്വയത്തെ ഉപേക്ഷിക്കുക. ബുദ്ധിയും വികാരവും ഇംഗിതവും പൂർണ്ണമായി ദൈവഹിതത്തിന് സമർപ്പിക്ക.

മെയർ:- എഫ്.ബി. മെയർ തന്റെ തലമുറയിൽ മഹാനായ ഒരു ബൈബിൾ അദ്ധ്യാപകനായിരുന്നു. ഇംഗ്ലണ്ടിൽ മാത്രമല്ല ലോകമെങ്ങും ശക്തിയായി ഉപയോഗിക്കപ്പെട്ടു. പ്രത്യേക താലന്തും കഴിവും ഉള്ള ആളായിരുന്നു.

ഒരു ചെറുപ്പാക്കാരൻ എന്ന നിലയിൽ തന്റെ കീർത്തിയുടെ വ്യാപ്തിയ്ക്കായി, ചൈനയിലേക്കു പോകാനിരുന്ന കേംബ്രിഡ്ജിലെ പഠിത്തം കഴിഞ്ഞ വിദ്യാർത്ഥികളുടെ ഒരു പ്രത്യേക മീറ്റിംഗിൽ പങ്കെടുക്കാൻ പോയി. ഈ ചെറുപ്പക്കാരൻ കേംബ്രിഡ്ജ് -7 എന്ന് അറിയപ്പെട്ടിരുന്നു. അതിലൊരാളുടെ പേര് ചാർലിസ്റ്റഡ്. ഇംഗ്ലണ്ടിലെ പ്രസിദ്ധനായ കളിക്കാരനായിരുന്നു. ഇംഗ്ലീഷി ക്രിക്കറ്റ് ടീമിന്റെ നായകൻ. എന്നാൽ രാജ്യത്തെ മികച്ച കളിക്കാരൻ എന്നാണ് കരുതിയിരുന്നത്. എന്നാൽ അദ്ദേഹം ഇപ്പോൾ തന്റെ ആ വലിയ പദവി വിട്ടിട്ട് ചൈനയിലുള്ള ഇൻലാന്റ് മിഷനിൽ ചേർന്ന് കർത്താവിന്റെ വേല ചെയ്യുവാൻ തീരുമാനിച്ചിരിക്കുകയാണ്.

അന്ന് ഉച്ചയ്ക്ക് ശേഷം അദ്ദേഹം തന്റെ സാക്ഷ്യം പറഞ്ഞത്. എഫ്.ബി.മെയർ ശ്രദ്ധയോടെ കേട്ടു. താൻ കേട്ടതിനെക്കാളുപരി കർത്താവിനു വേണ്ടിയുള്ള തന്റെ സമർപ്പണം, എഫ്.ബി. മെയർ -നെ അത്ഭുതപ്പെടുത്തി. സി.റ്റി. സ്റ്റഡ് പറഞ്ഞ ചില വാക്കുകൾ മെയറിനെ ചിന്തിപ്പിച്ചു. യേശുക്രിസ്തു ദൈവമെങ്കിൽ എനിക്കുവേണ്ടി മരിച്ചു എങ്കിൽ അതിനെക്കാൾ വലുതായി ഒരു യാഗവും എനിക്കുവേണ്ടി ആവശ്യമില്ല.

യോഗത്തിനു ശേഷം മെയർ ചാർലിസ്റ്റഡിന്റെ അടുക്കൽ ചെന്ന് പറഞ്ഞു. എന്നിൽ ഇല്ലാത്ത എന്തോ ഒന്ന് ഞാൻ നിങ്ങളിൽ കാണുന്നു. അത് എനിക്കു വേണം. എന്താണത്. പറയൂ. ചാർലിസ്റ്റഡ് തന്റെ മുഖത്ത് കണ്ണുകളിലേയ്ക്ക് നോക്കി ഇങ്ങനെ ചോദിച്ചു. നിങ്ങളെ പൂർണ്ണമായി കർത്താവായ യേശുവിന് സമർപ്പിച്ചിട്ടുണ്ടോ?

എഫ്.ബി. മെയർ ഒരു നിമിഷം ചിന്തിച്ചിട്ട് മറുപടി പറഞ്ഞു. അതെ, '' ഞാൻ സമർപ്പിച്ചിട്ടുണ്ട് ''.

എന്നാൽ ചെറിയ സ്വരത്തിൽ ചാർലിസ്റ്റഡ് പറഞ്ഞു. ഇല്ല നിങ്ങൾ അങ്ങനെ ചെയ്തിട്ടില്ല.

വളരെ ഭാരത്തോടെ അദ്ദേഹം വീട്ടിലേയ്ക്ക് പോയി. തന്റെ ബെഡ്റൂമിലേക്ക് പ്രവേശിച്ചു. മുഴങ്കാലിൽ നിന്നും പ്രാർത്ഥിക്കാൻ തുടങ്ങി.

തന്റെ വാക്കുകളിൽ: താൻ പ്രാർത്ഥിക്കുമ്പോൾ ദൈവം തന്നോടു സംസാരിക്കുന്നതായി അനുഭവപ്പെട്ടു. മെയർ നിന്റെ ഹൃദയത്തിന്റെ എല്ലാ താക്കോലുകളും എനിക്കു വേണം.

മെയർ ദൈവത്തോട് ചെറുതായി വാദിക്കുവാൻ തുടങ്ങി. എല്ലാ താക്കോലുകളുമോ? അതെ, മെയർ എല്ലാ താക്കോലുകളും എനിക്കു വേണം.

അപ്പോൾ എഫ്.ബി. മെയർ ഒരു താക്കോൽ കൂട്ടം എടുത്ത് കർത്താവിന്റെ നേരെ ദേഷ്യത്തോടെ എറിഞ്ഞു. എന്നാൽ നിനക്ക് കർത്താവിനെ മടയൻ ആക്കുവാൻ സാദ്ധ്യമല്ല. ഒരെണ്ണം നഷ്ടപ്പെട്ടിരിക്കുന്നു. എഫ്.ബി. മെയർ പറഞ്ഞത് താൻ ആ താക്കോൽ കൂട്ടം എടുത്ത് ശ്രദ്ധയോടെ എണ്ണാൻ തുടങ്ങി. എണ്ണിത്തീർന്നപ്പോൾ കർത്താവു അദ്ദേഹത്തെ നോക്കിപ്പറഞ്ഞു. ഒരു താക്കോൽ നഷ്ടപ്പെട്ടിരിക്കുന്നു; ഞാൻ എല്ലാവരുടെയും ദൈവം അല്ലെങ്കിൽ ഞാൻ ദൈവമേയല്ല. മെയർ തന്റെ മുറിതുറന്ന് പുറത്തു വന്നു.

'' എഫ്. ബി. മെയർ കർത്താവിനോടു പറഞ്ഞു. കർത്താവേ എന്നെ കൈവിടരുതേ! എന്തിനാണെന്നെ കൈവിടുന്നത് ''?

കർത്താവിന്റെ വാക്കുകളെ ഓർത്തു: ഞാൻ എല്ലാവരുടെയും ദൈവമല്ലെങ്കിൽ, ഞാൻ ദൈവമേ അല്ല.

എന്നാൽ കർത്താവേ, അതൊരു ചെറിയ താക്കോലാണ്. ഒരു ചെറിയ ഇടം എന്റെ ഹൃദയത്തിലുണ്ട്

വീണ്ടും വചനത്തി

(ശേഷം 8-ാം പേജിൽ)

(2-ാം പേജിന്റെ തുടർച്ച)

ദൈവത്തിലേക്ക് നടത്തുന്ന അമ്മമാർ

പാടിയിട്ടുണ്ട്. '' എന്നോടു ചേർന്നു മഹിമപ്പെടത്തുവിൻ; നാം ഒന്നിച്ചു അവന്റെ നാമത്തെ ഉയർത്തുക. ഞാൻ യഹോവയോടു അപേക്ഷിച്ചു, അവൻ എനിക്ക് ഉത്തരമരുളി; എന്റെ സകലഭയങ്ങളിൽ നിന്നും എന്നെ വിടുവിച്ചു. അവങ്കലേയ്ക്ക് നോക്കിയവർ പ്രകാശിതരായി; അവരുടെമുഖം ലജ്ജിച്ചു പോയതുമില്ല. ഈ എളിവയൻ നിലവിളിച്ചു. യഹോവ കേട്ടു. അവന്റെ സകല കഷ്ടങ്ങളിൽ നിന്നും അവനെ രക്ഷിച്ചു. യഹോവയുടെ ദൂതൻ അവന്റെ ഭക്തന്മാരുടെ ചുറ്റും പാളയമിറങ്ങി അവരെ വിടുവിക്കുന്നു. യഹോവ നല്ലവൻ എന്ന് രുചിച്ചറിവിൻ അവനെ ശരണം പ്രാപിക്കുന്ന പുരുഷൻ ഭാഗ്യവാൻ '' (സങ്കീ. 34::3-8).

കർത്താവിന്റെ വേലയിൽ ശക്തമായി പോരാടിയ ചില അമ്മമാരുടെ വാക്കുകൾ നമ്മുടെ ജീവിതത്തിൽ സ്വാധീനം ചെലുത്തിയിട്ടുണ്ടായിരിക്കാം. അങ്ങനെ അനേകരുണ്ട്. അവരിൽ ഒന്നോ രണ്ടോ പേരെക്കുറിച്ച് പഠിക്കാം. സെന്റ് അഗസ്റ്റിൻ അങ്ങനെയൊരാളാണ്. നാലാം നൂറ്റാണ്ടിന്റെ ഒടുവിലും അഞ്ചാം നൂറ്റാണ്ടിന്റെ ആദ്യവും ക്രിസ്ത്യാനിത്വത്തിന്റെ പ്രകാശിക്കുന്ന ഒരു വിളിക്കായിരുന്നു അദ്ദേഹം. എന്നാൽ 28 വയസ്സുവരെ അദ്ദേഹം ഒരു പാപിയായിട്ടാണ് ജീവിച്ചത്. മാനസാന്തരത്തിനുശേഷമുള്ള തന്റെ തന്നെ സാക്ഷ്യത്തിൽ പറയുന്നത് '' അത്യാഗ്രഹത്തോടെ സകല അശുദ്ധിയും പ്രവർത്തിപ്പാൻ ദുഷ്ക്കാമത്തിന് തങ്ങളെത്തന്നേ ഏല്പിച്ചിരുന്നു (എഫെ. 4:19). എന്നാൽ അഗസ്റ്റിന്റെ അമ്മ ഒരു ദൈവഭക്തയായിരുന്നു. തന്റെ എല്ലാ ഉയർച്ചയിലും അമ്മയുടെ കണ്ണുനീരും പ്രാർത്ഥനയും കൂടെയുണ്ടായിരുന്നു. അമ്മയുടെ പ്രാർത്ഥന ദൈവം കേട്ടു, മറുപടി... അഗസ്റ്റിന്റെ വാക്കുകളിൽ നിന്നും തന്റെ അമ്മയെക്കുറിച്ച് പറയുമ്പോൾ ഒരു ദിവസം തന്റെ മാനസാന്തരം അവരുടെ ഹൃദയത്തിൽ സന്തോഷത്തിന്റെ തിരയടിയുണ്ടായി, അവരുടെ വിലാപം സ്തുതിയുടെ ഗീതങ്ങളായി മാറി. മകനുവേണ്ടി ആ അമ്മ ധാരാളം കരഞ്ഞു ധാരാളം പ്രാർത്ഥിച്ചു. എന്നാൽ തന്റെ ആയുസ്സിൽ ആയിരങ്ങളെ ദൈവത്തിങ്കലേയ്ക്ക് നടത്തുവാൻ അഗസ്റ്റിന് ഇടയായി.

ക്രിസ്തുവിന്റെ പടയാളിയായ ജോൺ ന്യൂട്ടൻ പ്രാർത്ഥിക്കുന്ന ഒരു അമ്മയുടെ മകനായിരുന്നു. താൻ പാപിയായി ജീവിച്ച കാലഘട്ടത്തിൽ തന്റെ അമ്മയുടെ പ്രാർത്ഥന തനിക്ക് തുണയായിത്തീർന്നു. മുട്ടിന്മേൽ നിന്നുള്ള പ്രാർത്ഥനയും തന്റെ മകനോടുള്ള ശാന്തമായ ഇടപെടലും അദ്ദേഹത്തെ ദൈവത്തിങ്കലേയ്ക്ക് നടത്തി. കുട്ടിക്കാലത്തുള്ള അമ്മയുടെ പ്രാർത്ഥനയും സ്നേഹ സമ്പന്നമായ ഇടപെടലും തന്റെ പിന്നീടുള്ള ജീവിതത്തെ സ്വാധീനിച്ചു. ഒരു ശക്തനായ ദൈവഭക്തനാക്കി മാറ്റി.

ക്രിസ്തീയ അമ്മമാരേ, ധൈര്യമായിരിക്കൂ! ദൈവത്തിന്റെ ഉത്തമ സാക്ഷിയാകൂ. വാഗ്ദത്തത്തിൽ വിശ്വസ്തനായ ദൈവത്തെ തലമുറകൾക്ക് പരിചയപ്പെടുത്തൂ. പ്രാർത്ഥനയാൽ വ്യാപരിക്കുന്ന ദൈവശക്തിയെ പരിചയപ്പെടുത്തൂ. ദൈവവചനത്തിന്റെ ഉപദേശം പറഞ്ഞുകൊടുത്തു. ധൈര്യത്തോടെ വേലയിൽ മുന്നേറുക. പ്രതിസന്ധികൾ വളരെയാണ്. എല്ലാം പ്രതികൂലമായാലും ദൈവം നിശ്ചയമായും കൂടെയുണ്ട്. ''യഹോവയാം യാഹിൽ ശാശ്വതമായൊരു പാറയുള്ളതിനാൽ യഹോവയിൽ എന്നേക്കും ആശ്രയിപ്പിൻ '' (യെശ. 26:4). ''നന്മ ചെയ്കയിൽ നാം മടുത്തു പോകരുത് ''(ഗലാ. 6:9) വിശ്വസ്തരായിരിപ്പാൻ ദൈവം കൃപ നൽകും. ദൈവസന്നിധിയിലേക്കുള്ള പ്രവേശനത്തിന്റെ പറഞ്ഞുതീരാത്ത സന്തോഷം പ്രാപിക്കും. നിങ്ങളുടെ സമർപ്പണത്തിലും ശുശ്രൂഷയിലും നേടി ആളുകളോടു കൂടെ സന്തോഷിക്കും. ദൈവസ്നേഹത്തെ ഘോഷിച്ചു കൊണ്ട് രാപകലില്ലാതെ വേല ചെയ്യുക. ദൈവം സഹായിക്കട്ടെ. ❖

ഹൃദയത്തിന്റെ അന്വേഷണം

By J.Edwin Orr

വ്യക്തിപരവും പൊതുവായും ഉള്ള ഉണർവ്വിന്റെ കാരണക്കാരൻ പരിശുദ്ധാത്മാവാണ്. പരിശുദ്ധാത്മാവ് ഒരു വ്യക്തിയെ ഒരു പ്രത്യേക ആവശ്യബോധത്തിലേക്ക് നടത്തുന്നു., ആ ആവശ്യബോധം അവനെ അനുതാപത്തിലേയ്ക്കും ഒരു കൂട്ടായ്മയിലേക്കും നടത്തുന്നു. ആ കൂട്ടായ്മ ഒരു സമൂഹത്തെ ഒരു രൂപാന്തരത്തിലേയ്ക്ക് നടത്തുന്നു. പരിശുദ്ധാത്മാവ്, പാപത്തെക്കുറിച്ചും, നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ബോധം വരുത്തുന്നു. എന്നാൽ അനേകർ പരിശുദ്ധാത്മാവിന്റെ പ്രകാശനത്തിനോ ദൈവവചനത്തിന്റെ ആലോചനയ്ക്കോ ചെവികൊടുക്കാതെ തങ്ങൾക്ക് ലഭിച്ച തോന്നലുകളെ മറ്റുള്ളവരിലേക്ക് പകർന്നു കൊടുക്കുകയാണ് ചെയ്യുന്നത്.

അങ്ങനെ, പരിശുദ്ധാത്മാവ് ഒരു വ്യക്തിയാണെന്നും എന്നാൽ അവനു വേണ്ടിയുള്ള ദൈവത്തിന്റെ നീതിയുള്ള പദ്ധതികളെക്കുറിച്ചും ഒഴിച്ചുകൂടാൻ പറ്റാത്ത ന്യായവിധിയെക്കുറിച്ചും ബോധം വരുത്തുന്നു. ദൈവത്തിന്റെ ആത്മാവ് ഒരു വിശ്വാസിയെ ദൈവവുമായുള്ള ബന്ധത്തിലേക്ക് നടത്തുന്നു. മനുഷ്യന്റെ പരിമിതികളെക്കുറിച്ചും അവന്റെ വീഴ്ചയെക്കുറിച്ചും ബോധം വരുത്തുന്നു., സമ്പൂർണ്ണമായ ആ ഒരു സമർപ്പണത്തിലേയ്ക്ക് നടത്തുന്നു, ഓരോ ദിവസവും നാം ഓർത്തിരിക്കേണ്ടതായ ദൈവ നീതിയെക്കുറിച്ചു ഓർമ്മപ്പെടുത്തുന്നു. പ്രതിഫലം പ്രാപിക്കുവാനോ ശിക്ഷാവിധിക്കു വേണ്ടിയോ ഒരു ദിവസം ക്രിസ്തുവിന്റെ ന്യായാസനത്തിനു മുമ്പിൽ നില്ക്കേണ്ടിവരും എന്ന് ബോധം വരുത്തുന്നു. വിശ്വസിക്കുന്നവർക്കും ദൈവത്തെ അന്വേഷിക്കുന്നവർക്കും വേണ്ടിയുള്ള പരിശുദ്ധാത്മാവ് നൽകുന്ന ഉണർവ്വിനെക്കുറിച്ചും സംസാരിക്കുന്നു. വിശ്വാസികൾക്കു വേണ്ടിയുള്ള ദൈവത്തിന്റെ അനുഗ്രഹങ്ങൾ അവരുടെ ശുദ്ധീകരണത്തെ ആശ്രയിച്ചിരിക്കുന്നു. കുറ്റബോധത്താലാണ് അനുതാപമുണ്ടാകുന്നത്. ദൈവവചനത്താൽ ഹൃദയങ്ങളെ പരിശോധിക്കുമ്പോഴാണ് അനുതാപമുണ്ടാകുന്നത്.

ദാവീദിന്റെ സങ്കീർത്തനത്തിൽ ആത്മിക ദാഹമുള്ള ഒരു വ്യക്തിക്കു വേണ്ടി പ്രാർത്ഥിക്കുന്ന ഒരു ഫലവത്തായ പ്രാർത്ഥന കാണാം. '' ദൈവമേ എന്നെ ശോധന ചെയ്ത് എന്റെ ഹൃദയത്തെ

(ശേഷം 8-ാം പേജിൽ)

(5-ാം പേജിന്റെ തുടർച്ച)

പൂർണ്ണമായി ദൈവത്തിന് അർപ്പിക്കപ്പെട്ട ഒരു ഹൃദയം

നാം എത്തി വിശ്രമിക്കും. എത്ര ശ്രേഷ്ഠമായ പ്രത്യാശയാണ് നമ്മിൽ പകർന്നിരിക്കുന്ന ദൈവഭയം നമുക്കു തരുന്നത്. അത് ഒരു പ്രത്യേക കാലയളവു കൊണ്ടു തീരുന്നതല്ല. പിന്നെയോ എന്നും എന്നേയ്ക്കും.

വ്യക്തിപരമായ അനുഗ്രഹങ്ങൾ

പറയൂ, ആരാണ് സന്തുഷ്ടരായ ക്രിസ്ത്യാനികൾ? പൂർണ്ണ ഹൃദയത്തോടെ ദൈവത്തെ ഭയപ്പെടുന്നവരത്രേ. അവർ. ഹൃദയവും ജീവിതവും പതറിപ്പോകുമ്പോൾ സന്തോഷം ആവിളളലിലൂടെ ചോർന്നു പോകുന്നു. നീതിയുടെ പാതയിൽ സ്ഥിരതയുള്ളവരായി നാം പിന്തുടരുമ്പോൽ നമ്മിലുള്ള സന്തോഷവും ദൈവസമാധാനവും എന്നേയ്ക്കും നിലനിൽക്കും. പ്രിയസഹോദരീസഹോദരന്മാരേ ആ കൂട്ടായ്മയുടെ മാധുര്യം അനുഭവിച്ചറിയുവാൻ നിങ്ങൾ ആഗ്രഹിക്കുന്നു എങ്കിൽ നിങ്ങൾ ദൈവസ്നേഹത്തിന്റെ ആഴങ്ങളെ അറിയേണ്ടതാണ്. ഏറ്റവും ശ്രേഷ്ഠമായ ദൈവഭക്തിയുടെ വഴിയോട് മത്സരിക്കുന്നു. എങ്കിൽ ദൈവത്തിന്റെ മഹത്വം വസിക്കുന്ന കൂട്ടായ്മയുടെ ആഴങ്ങളെ അറിയുവാനോ അനുഭവിപ്പാനോ സാദ്ധ്യമല്ല. ജീവന്റെ നദിയിലേക്ക് എടുത്തു ചാടണം!. അതിന്റെം ഒഴുക്കിൽ നമ്മുടെ ശരീരവും, മനസ്സും, ആത്മാവും മുങ്ങിക്കുളിക്കണം, പറഞ്ഞു തീരാത്ത സന്തോഷം പ്രാപിക്കും. ലോകത്തിന്റെ ഇമ്പങ്ങളെ നാം വിടുമ്പോൾ ദൈവത്തിനറെ അത്ഭുതങ്ങളുടെ ആഴങ്ങളെ നാം കാണും. ദൈവവചനത്തെ ആഴമായി ധ്യാനിക്കുമ്പോൾ നമ്മുടെ ആത്മാക്കൾ തൃപ്തി പ്രാപിക്കും. നഫ്താലിയേ പ്രസാദം കൊണ്ട് തൃപ്തനും യഹോവയുടെ അനുഗ്രഹം നിറഞ്ഞവനായി പടിഞ്ഞാറും തെക്കും കൈവശമാക്കുക.

ദൈവത്തെക്കുറിച്ച് നല്ല കാഴ്ചപ്പാടുള്ളവൻ ഇരുമനസ്സുള്ളവരാകാതെ ശുദ്ധഹൃദയമുള്ളവരായിരിക്കും. ദൈവരാജ്യത്തെ ഭൂമിയിൽ അനുഭവമാക്കി സന്തോഷിക്കുന്നവർ തന്റെ മുഴുശ്രദ്ധയും അതിലേക്കായിരിക്കും. അനുഗ്രഹിക്കപ്പെട്ട ക്രിസ്തീയ ജീവിതത്തിൽ ആഴമായ ദൈവസ്നഹവും ജാഗ്രതയും ഉണ്ടായിരിക്കും. ഭക്ഷണം കഴിക്കാത്തവൻ പട്ടിണി കിടന്നു ക്ഷീണിക്കും. രോഗങ്ങൾക്ക് അടിമയായിത്തീരുകയും ചെയ്യും. സ്വർഗ്ഗത്തിലെ ആത്മീയാഹാരം ഭക്ഷിക്കുന്നവൻ ആത്മാവിലും ശരീരത്തിലും പുഷ്ടി പ്രാപിക്കും. രോഗങ്ങളിൽ നിന്നും മുക്തനായിരിക്കയും ചെയ്യും. പരിശുദ്ധാത്മാവായ ദൈവമേ, അവിടുത്തെ വേലക്കാരോട് ഞാൻ എന്താണ് ചെയ്യുന്നതെന്ന് പറഞ്ഞു ബോദ്ധ്യപ്പെടുത്താൻ എനിക്ക് കഴിയില്ല, എന്നാൽ അങ്ങേയ്ക്ക് അവരെ വ്യത്യാസപ്പെടുത്തി നടത്തുവാൻ കഴിയും. തങ്ങളെതന്നെ സമ്പൂർണ്ണമായി ത്യജിച്ച് അങ്ങയുടെ ഇഷ്ടം ചെയ്യുവാൻ അവരെ പഠിപ്പിക്കേണമേ.

പ്രീയ സഹോദരീ സഹോദരന്മാരെ നിങ്ങൾ തീക്ഷ്ണമായ ആവേശത്തോടെ ദൈവത്തെ സേവിക്കയും നല്ല ആത്മീക നിലവാരം പുലർത്തുകയും ചെയ്യുമ്പോൾ ഞാൻ സന്തോഷിക്കുന്നു. എന്നാൽ ഒരു പ്രത്യാശയ്ക്ക് വകയില്ലാത്ത നിത്യനാശത്തിലേയ്ക്കാണ് പോകുന്നതെങ്കിൽ നിങ്ങളെക്കുറിച്ച് ഞാൻ ഭയപ്പെടുന്നു. മടങ്ങിവരൂ. കർത്താവു നിങ്ങളെ വിളിക്കുന്നു. എന്നാൽ ജീവജലത്തിന്റെ ആഴങ്ങളിലേക്ക് എടുത്തു ചാടി അതിന്റെ ഓളങ്ങളിൽ നീന്തിത്തുടിക്കുന്നത് കാണുമ്പോൾ എന്റെ ഹൃദയം സന്തോഷിക്കുന്നു. നാം നമ്മുടെ സ്വയത്തെ ത്യജിച്ച് ദൈവസ്നേഹത്തിന്റെ നിത്യമായ ബന്ധത്തിൽ നമ്മെ ഏല്പിക്കുമ്പോൾ അവിടുത്തെ കൃപയും ശക്തിയും നമ്മിൽ വർദ്ധിച്ചുവരുന്നു. പൂർണ്ണ ഹൃദയത്തോടെ തുടർച്ചയായി, പൂർണ്ണമനസ്സോടെ തിടുക്കത്തോടെ കർത്താവിനെ പിൻപറ്റുവാൻ ദൈവം നിങ്ങളെ സഹായിക്കുകയും അനുഗ്രഹിക്കയും ചെയ്യട്ടെ എന്ന് ആശംസിക്കുന്നു.

❖

(6-ാം പേജിന്റെ തുടർച്ച)

ഒരു പരമാർത്ഥ ഹൃദയം

ലേക്ക് മടങ്ങി വന്നു. ഞാൻ എല്ലാവരുടേയും ദൈവമല്ലെങ്കിൽ, ഞാൻ ദൈവമേ അല്ല.

എഫ്.ബി.മെയൽ അവസാനത്തെ താക്കോൽ സമർപ്പിച്ചു. എന്താണ് സംഭവിച്ചത്? ദൈവത്തിന്റെ ആത്മാവിനാൽ ശക്തിയോടെ ഉപയോഗിക്കപ്പെട്ട് അനേകർക്ക് പ്രയോജനമുള്ളവനായിത്തീർന്നു. ഇന്നും തന്റെ ദൂതുകൾ തന്റെ എഴുത്തുകളിലൂടെ അനേക ഭാഷകളിൽ സംസാരിച്ചുകൊണ്ടിരിക്കുന്നു.

എന്താണ് ഒരു പരമാർത്ഥ ഹൃദയം? അതു തകർന്ന ഒരു ഹൃദയമാണ്. സ്വയത്തിൽ നിന്നും തകർന്ന ഹൃദയം. ദൈവത്തിനായി അർപ്പിക്കപ്പെട്ട ഒരു ഹൃദയം.

❖

(5-ാം പേജിന്റെ തുടർച്ച)

ഹൃദയത്തിന്റെ അന്വേഷണം

അറിയേണമേ; വ്യസനത്തിനുള്ള മാർഗ്ഗം എന്നിൽ ഉണ്ടോ എന്ന് നോക്കി, ശാശ്വത മാർഗ്ഗത്തിൽ എന്നെ നടത്തേണമേ'' (സങ്കീ. 139:23,24).

സ്കാൻഡിനേവിയൻ ഭാഷയിൽ ഈ തിരുവചന ഭാഗം തർജ്ജമ ചെയ്തു പഠിക്കുന്നതുവരെ ഈ വചനത്തിന്റെ ആഴം ഞാൻ മനസ്സിലാക്കിയിരുന്നില്ല. അന്വേഷിക്കുക എന്ന വാക്കിന്, ആരായുക, കൊള്ളയടിക്കുക എന്നീ അർത്ഥങ്ങളുണ്ട്. ഒരു കാര്യത്തെക്കുറിച്ചുള്ള അറിവന്റെ ഉറപ്പാണത്. അതായത് ഒരു ശരിയായ അന്വേഷണം. അന്വേഷണം കാര്യങ്ങളെ വെളിച്ചത്തിലേക്ക് കൊണ്ടുവരുന്നു. ഒരു മനുഷ്യൻ പിന്മാറ്റത്തിലേക്ക് വീഴുമ്പോൾ ആത്മാവ് അവനിൽ വസിപ്പാൻ കഴിയാതെ ഞരങ്ങി പുറത്തുപോകുന്നു. ജീവിതം മുന്നോട്ടു പോകുമ്പോൾ വരാൻ പോകുന്ന ന്യായവിധിയെക്കുറിച്ച് ചിന്തിക്കുവാനുള്ള മനസ്സ് പ്രാകൃത മനുഷ്യന്റെ പ്രേരകശക്തിയാൽ ക്ഷയിച്ചുപോകുന്നു, എന്നാൽ പാപങ്ങളെക്കുറിച്ച് കുറ്റബോധം ഉണ്ടായ ഒരു പുതുക്കപ്പെട്ട ഹൃദയം പാപജീവിതത്തിന്റെ എല്ലാ അവശിഷ്ടങ്ങളെയും അടിച്ച് വൃത്തിയാക്കി വീണ്ടും ശ്രദ്ധിക്കപ്പെടുന്ന ഒരു വ്യക്തിയായി മാറ്റപ്പെടുന്നു. വാക്കുകളുടെ ഭംഗിയെക്കാളും ദൈവത്തെ അന്വേഷിക്കുന്ന ഹൃദയം നൽകപ്പെടുന്നു.

പ്രാർത്ഥന തികച്ചും വ്യക്തിപരമനാണ്. എന്നെ അന്വേഷിക്കുക. മിക്കാവാറുമുള്ള സഭയിലോ സംഘടനകളിലോ ഉള്ള ആളുകൾ കൂടുതൽ തങ്ങളോടു കൂടെയില്ലാത്തതിനുകാരണം തങ്ങളുടെ കുറവു തന്നെയെന്ന് മനസ്സിലാക്കുന്നു.

(ശേഷം അടുത്ത ലക്കം)

Edited & Published by Mrs. Bindhu.M. Trivandrum- 695032 Printed at Excellent Printers Plavila, Thirumala, T.v.m - 6 Phone: 2351975